# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 17.11.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് നൈജീരിയയുടെ 'ഗ്രാൻഡ് കമാണ്ടർ ഓഫ് ദി ഓർഡർ ഓഫ് നൈജർ' പുരസ്കാരം.

   **Nigeria to honour PM Narendra Modi with 'Grand Commander of the Order of the Niger' Award.**

2. നൈജീരിയൻ പ്രസിഡന്റ് ബോല ആഹ്മെദ് തിനുബുവുമായി പ്രധാനമന്ത്രി ഇന്ന് അബുജയിൽ കൂടിക്കാഴ്ച നടത്തും.

   **Prime Minister Narendra Modi to hold talks with Nigerian President Bola Ahmed Tinubu at Abuja today.**

3. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിലും മഹാരാഷ്ട്രയിലും പ്രചാരണം ഊർജിതം; കേരളത്തിൽ, ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് ഉൾപ്പടെ പരസ്യ പ്രചാരണം നാളെ അവസാനിക്കും.

   **Campaigning intensified in Jharkhand and Maharashtra for the upcoming assembly elections; the campaigning will conclude tomorrow, along with Kerala's Palakkad, where the by-election take place.**

4. ഇന്ത്യയുടെ ആദ്യ ദീർഘദൂര ഹൈപ്പർസോണിക് മിസൈൽ വിജയകരമായി പരീക്ഷിച്ച് DRDO ; പരീക്ഷണവിജയം ചരിത്രനേട്ടമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **DRDO successfully conducts flight-trial of India’s first long-range hypersonic missile; Defence Minister Rajnath Singh describe the flight-trial as a historic achievement.**

5. ISRO യുടെ വാർത്താവിനിമയ ഉപഗ്രഹമായ GSAT 20 ചൊവ്വാഴ്ച അമേരിക്കയിൽ നിന്ന് വിക്ഷേപിക്കും.

   **ISRO’s heavy communication satellite GSAT-20 will be launched from US on Tuesday.**

6. വനിതാ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കിയിൽ ഇന്ത്യ ഇന്ന് ജപ്പാനുമായി ഏറ്റുമുട്ടും.

**In Hockey, India to take on Japan in Women's Asian Champions Trophy today.**

&&&&&&&&&&&&&&&&

# HEADLINE – 1

# NIGERIA AWARD- PM

പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് നൈജീരിയ, 'ഗ്രാൻഡ് കമാണ്ടർ ഓഫ് ദി ഓർഡർ ഓഫ് നൈജർ' പുരസ്കാരം സമ്മാനിക്കും. ഈ പുരസ്കാരം ലഭിക്കുന്ന രണ്ടാമത്തെ വിദേശ നേതാവാണ് ശ്രീ. നരേന്ദ്രമോദി. എലിസബത്ത് രാജ്ഞിയായിരുന്നു ആദ്യത്തെയാൾ. പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ലഭിക്കുന്ന പതിനേഴാമത് അന്താരാഷ്ട്ര പുരസ്കാരമാണിത്.

&&&&&&&&&&&&&&&&

# HEADLINE – 2

# PM NIGERIA VISIT

നൈജീരിയൻ പ്രസിഡന്റ് ബോല അഹ്മെദ് തിനുബുവുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അബുജയിൽ കൂടിക്കാഴ്ച നടത്തും. ഇരുരാജ്യങ്ങൾക്കുമിടയിലെ സഹകരണം വിലയിരുത്തുന്ന നേതാക്കൾ നിരവധി കരാറുകളിലും ഒപ്പു വയ്ക്കുമെന്നാണ് സൂചന. തുടർന്ന് രണ്ടു ദിവസത്തെ G20 ഉച്ചകോടിയിൽ പങ്കെടുക്കാനായി പ്രധാനമന്ത്രി നാളെ ബ്രസീലിയൻ നഗരമായ റിയോ ഡി ജെനീറോയിലേക്ക് തിരിക്കും. ഉച്ചകോടിയുടെ ഭാഗമായി നിരവധി ലോക നേതാക്കളുമായി അദ്ദേഹം ചർച്ചകൾ നടത്തും. സന്ദർശനത്തിന്റെ അവസാന പാദത്തിൽ, ഈ മാസം 19 മുതൽ 21 വരെ ശ്രീ.മോദി ഗയാനയും സന്ദർശിക്കും.

&&&&&&&&&&&&&&&&&

## BRAZIL AMBASSADOR- G20 - INTRO

ജി-20 അധ്യക്ഷത വഹിച്ച രാജ്യമെന്ന നിലയിലും, ഗ്ലോബൽ സൗത്തിന്റെ നേതാവ് എന്ന നിലയിലും ബ്രസീലിൽ നാളെ ആരംഭിക്കുന്ന ജി-20 ഉച്ചകോടിയിൽ ഇന്ത്യക്ക് സജീവ പങ്കാളിത്തം ആണുള്ളതെന്ന് ബ്രസീലിലെ ഇന്ത്യൻ അംബാസഡർ സുരേഷ് കെ റെഡ്ഡി. ഇന്ത്യ-ബ്രസീൽ ബന്ധം ഊർജസ്വലമാണെന്നും, ജൈവ ഇന്ധനങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരു രാജ്യങ്ങൾക്കും സാമാന്ന താല്പര്യങ്ങളും, സഹകരണ സാധ്യതകളും ഉണ്ടെന്നും ആകാശവാണിക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്- അംബാസഡർ)

&&&&&&&&&&&&&&&&&

## PM-MARATHI LANGUAGE

നൈജീരിയയിലെ മറാത്തി സമൂഹം അവരുടെ സംസ്കാരവും പൈതൃകവും കാത്തു സൂക്ഷിക്കുന്നതിൽ അഭിനന്ദനം അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. മറാത്തിക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചതിൽ നൈജീരിയയിലെ മറാത്തി സമൂഹം സന്തോഷം പ്രകടിപ്പിച്ചതായും ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## HEADLINE – 3

## JHARKHAND - MAHARASHTRA

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിലും മഹാരാഷ്ട്രയിലും പ്രചാരണം ഊർജിതം. ഝാർഖണ്ഡിൽ, ബിജെപി അധ്യക്ഷൻ ജെപി നഡ്ഡ ഇന്ന് വിവിധ റാലികളെ

അഭിസംബോധന ചെയ്യും. ജാർഖണ്ഡ് മുക്തി മോർച്ച നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറൻ തിരഞ്ഞെടുപ്പ് റാലികളിൽ സംസാരിക്കും. കോൺഗ്രസ് - ആർജെഡി നേതാക്കളും പ്രചാരണ രംഗത്ത് സജീവമാണ്. ഒറ്റഘട്ടമായി തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിലും രണ്ടാം ഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിലും പരസ്യപ്രചാരണം നാളെ വൈകിട്ട് അവസാനിക്കും. ഈ മാസം 20 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

&&&&&&&&&&&&&&&&

## ELECTION COMMISSION-NOTICE

തിരഞ്ഞെടുപ്പ് ചട്ടലംഘന പരാതികളിൽ ബിജെപിക്കും കോൺഗ്രസിനും തിരഞ്ഞെടുപ്പ് കമ്മീഷൻ നോട്ടീസ് അയച്ചു. മഹാരാഷ്ട്രയിലെയും ഝാർഖണ്ഡിലെയും നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ താരപ്രചാരകർ മാതൃകാ പെരുമാറ്റച്ചട്ടം ലംഘിച്ചുവെന്ന പരാതിയെ തുടർന്നാണ് നടപടി. തിങ്കളാഴ്ച ഉച്ചയ്ക്ക് ഒരുമണിക്കകം ഇരു പാർട്ടികളും ഔദ്യോഗികമായി വിശദീകരണം നൽകണം.

&&&&&&&&&&&&&&&&

## HEADLINE – 3 (a)
## PALAKKAD-BYELECTION

കേരളത്തിൽ, നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാടും പരസ്യ പ്രചാരണം നാളെ അവസാനിക്കും. ശക്തമായ ത്രികോണ മത്സരം നടക്കുന്ന മണ്ഡലത്തിൽ കൊട്ടിക്കലാശത്തിന്റെ ആവേശം കൂട്ടാൻ മുന്നണികളിലെ മുൻനിര നേതാക്കളാണ് രംഗത്തുള്ളത്. എൽ.ഡി.എഫ് സ്ഥാനാർഥി പി സരിന്റെ പ്രചരണാർത്ഥം കണ്ണാടിയിൽ നടന്ന തെരഞ്ഞെടുപ്പ് യോഗത്തിൽ CPIM നേതാവും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ സംസാരിച്ചു. UDF

നേതാവ് രാഹുൽ മാങ്കൂട്ടത്തിലിനായി വൈകുന്നേരം കിണാശ്ശേരിയിൽ നടക്കുന്ന റോഡ്ഷോയിൽ പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പങ്കെടുക്കും. എൻ.ഡി.എ സ്ഥാനാർഥി സി.കൃഷ്ണകുമാറിന്റെ പ്രചാരണ പരിപാടികളിൽ ഇന്ന് BJP നേതാവും കേന്ദ്ര സഹമന്ത്രിയുമായ ജോർജ്ജ് കുര്യൻ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&

## SCIENCE FEST

സംസ്ഥാന സ്കൂൾ ശാസ്ത്രമേള നാളെ ആലപ്പുഴയിൽ സമാപിക്കും. പോയിൻറ് നിലയിൽ മലപ്പുറം ജില്ലയാണ് ഒന്നാമത്.

&&&&&&&&&&&&&&&&&

## HEADLINE – 4

## DRDO

ഇന്ത്യയുടെ ആദ്യ ദീർഘദൂര ഹൈപ്പർസോണിക് മിസൈൽ വിജയകരമായി പരീക്ഷിച്ച് ഡി ആർ ഡി ഓ. ഒഡീഷ തീരത്തിന് സമീപമുള്ള എ പി ജെ അബ്ദുൽ കലാം ദ്വീപിൽ ഇന്നലെ രാത്രിയായിരുന്നു പരീക്ഷണം. ആയിരത്തി അഞ്ഞൂറിലേറെ കിലോമീറ്റർ, ആയുധങ്ങൾ വഹിച്ച് പറക്കാൻ ശേഷിയുള്ളതാണ് മിസൈൽ. പരീക്ഷണവിജയം ചരിത്രനേട്ടമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിപ്രായപ്പെട്ടു. ഇത്തരം അത്യാധുനിക പ്രതിരോധ സാങ്കേതികവിദ്യ കൈവശമുള്ള ചുരുക്കം ചില രാജ്യങ്ങളുടെ ശ്രേണിയിലേക്ക് ഇന്ത്യയെ നേട്ടം ഉയർത്തിയതായും രാജ്യരക്ഷാ മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## MANIPUR-CURFEW

മണിപ്പൂരിൽ, ഇംഫാൽ വെസ്റ്റ്, ഇംഫാൽ ഈസ്റ്റ്, തൗബൽ, കാച്ചിംഗ്, ബിഷ്ണുപൂർ എന്നിവയുൾപ്പെടെ അഞ്ച് ജില്ലകളിൽ അനിശ്ചിതകാലത്തേക്ക് സമ്പൂർണ കർഫ്യൂ ഏർപ്പെടുത്തി. ഏഴ് ജില്ലകളിലെ ഇന്റർനെറ്റ് സേവനങ്ങളും രണ്ടുദിവസത്തേക്ക് നിർത്തിവച്ചു. അതേസമയം, മണിപ്പൂരിൽ ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിന് സുരക്ഷാ സേനയുമായി സഹകരിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പൊതുജനങ്ങളോട് അഭ്യർഥിച്ചു. കാര്യക്ഷമമായ അന്വേഷണത്തിനായി സുപ്രധാന കേസുകൾ NIA- യ്ക്ക് കൈമാറിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## HEADLINE – 5

## ISRO - GSAT-20

ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹമായ GSAT 20 ചൊവ്വാഴ്ച യു.എസ്സിലെ കെയ്പ് കനാവെറലിൽ നിന്ന് വിക്ഷേപിക്കും. എലോൺ മസ്ക്കിന്റെ ഉടമസ്ഥതയിലുള്ള Space X ൻറെ ഫാൽക്കൺ -9 ആണ് വിക്ഷേപണം നടത്തുന്നതെന്ന് ഐഎസ്ആർഒ മേധാവി എസ് സോമനാഥ് അറിയിച്ചു. ഉപഗ്രഹം 14 വർഷത്തേക്ക് പ്രവർത്തിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിദൂര പ്രദേശങ്ങളിലേക്കുള്ള ഇൻ്റർനെറ്റ് കണക്റ്റിവിറ്റി ഉൾപ്പെടെ ഇന്ത്യയിലുടനീളം സുപ്രധാന സേവനങ്ങൾ ഇതിലൂടെ ലഭ്യമാകും.

&&&&&&&&&&&&&&&&&

## JITENDRA - CSIR - INTRO

രാജ്യത്തെ യുവാക്കളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് മുൻഗണന നൽകിയുള്ള കേന്ദ്ര

നയങ്ങൾ ആവിഷ്കരിച്ചതിന്റെ ഫലമായാണ് ആഗോള ഇന്നൊവേഷൻ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 81 ൽ നിന്ന് 40 ആയി ഉയർന്നതെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ആത്മനിർഭർ ഭാരത്, വികസിത ഭാരത് 2047 എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആരോഗ്യ രംഗത്തെ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ശ്രീനഗറിൽ രണ്ടു ദിവസത്തെ "CSIR ഹെൽത്ത് കെയർ തീം കോൺക്ലേവ്" ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്)

&&&&&&&&&&&&&&&&

## HEADLINE – 6

## HOCKEY - WOMENS ASIAN TROPHY

2024 ലെ വനിതാ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കിയിൽ ഇന്ത്യ ഇന്ന് ജപ്പാനുമായി ഏറ്റുമുട്ടും. ബിഹാറിലെ രാജ്ഗീർ ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരം. ടൂർണമെന്റിലെ കഴിഞ്ഞ 4 മത്സരങ്ങളും വിജയിച്ച ഇന്ത്യയ്ക്ക് നിലവിൽ 12 പോയിന്റുണ്ട്.

&&&&&&&&&&&&&&&&

## DELHI-POLLUTION

ഡൽഹിയിൽ വായു മലിനീകരണം ഗുരുതരമായി തുടരുന്നു. വായു ഗുണനിലവാര സൂചിക ഇന്ന് 428 രേഖപ്പെടുത്തി. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൻറെ കണക്കനുസരിച്ച്, ഡൽഹിയിലെ വിവിധ പ്രദേശങ്ങളിൽ വായു ഗുണനിലവാര സൂചിക 400 കടന്നിട്ടുണ്ട്. അടുത്ത രണ്ട് ദിവസം ഡൽഹിയിൽ പുക മഞ്ഞ് രൂക്ഷമാകാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&

## CHRIS WRIGHT - US

ഫോസിൽ ഇന്ധന വ്യവസായ രംഗത്തെ പ്രമുഖൻ ക്രിസ് റൈറ്റിനെ, നിയുക്ത യു. എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഊർജ്ജ വകുപ്പിൻറെ തലവനായി നിയമിച്ചു.

&&&&&&&&&&&&&&&&

## US-ARTEFACTS RETURN

സാംസ്കാരിക പൈതൃകങ്ങൾ അതാത് രാജ്യങ്ങൾക്ക് തിരികെ നൽകുന്നതിന്റെ ഭാഗമായി 10 ദശലക്ഷം ഡോളർ വിലമതിക്കുന്ന 1,400 ലധികം പുരാവസ്തുക്കൾ ഇന്ത്യക്ക് തിരികെ നൽകുമെന്ന് അമേരിക്ക. ന്യൂയോർക്കിലെ ഇന്ത്യൻ കോൺസുലേറ്റിൽ ഔപചാരികമായ കൈമാറ്റ ചടങ്ങ് നടന്നു. 2016 മുതൽ, സാംസ്കാരിക മൂല്യമുള്ള 578 വസ്തുക്കൾ യുഎസ് ഇന്ത്യയിലേക്ക് തിരിച്ചയച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&

## ZELENSKY-TRUMP

അമേരിക്കൻ പ്രസിഡന്റ് എന്ന നിലയിലെ ഡോണൾഡ് ട്രംപിന്റെ പ്രവർത്തനങ്ങൾ, റഷ്യ - യുക്രൈൻ യുദ്ധം അവസാനിക്കാൻ സഹായിക്കുമെന്ന പ്രതീക്ഷ പങ്കുവച്ച് യുക്രൈൻ പ്രസിഡൻറ് വോളോഡിമർ സെലെൻസ്കി. യുക്രേനിയൻ റേഡിയോയ്ക്ക് നൽകിയ ഒരു അഭിമുഖത്തിലാണ് സെലെൻസ്കി ഇക്കാര്യം വ്യക്തമാക്കിയത്. താൻ അമേരിക്കൻ പ്രസിഡന്റ് ആയിരുന്നെങ്കിൽ യുക്രയിൻ-റഷ്യ യുദ്ധം ഉണ്ടാകുമായിരുന്നില്ലെന്ന്, നിയുക്ത പ്രസിഡന്റ് ഡോണൾഡ് ട്രംപ് നേരത്തെ അഭിപ്രായപ്പെട്ടിരുന്നു.

&&&&&&&&&&&&&&&&

## ISRAEL - HEZBOLLAH

ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിൻറെ സിസേറിയയിലെ വീടിന് സമീപം ആക്രമണം. ആക്രമണസമയത്ത് അദ്ദേഹവും കുടുംബവും വീട്ടിൽ ഉണ്ടായിരുന്നില്ല. ആക്രമണത്തെ ഇസ്രായേൽ പ്രസിഡൻറ് അപലപിച്ചു. അതിനിടെ, ലെബനനിലെ തന്ത്രപ്രധാനമായ ഒരു ഗ്രാമം ഇസ്രായേൽ കഴിഞ്ഞ ദിവസം പിടിച്ചെടുത്തതായി റിപ്പോർട്ട്. ഗ്രാമത്തിലെ നിരവധി വീടുകൾ ഉൾപ്പെടെ ഇസ്രായേൽ സൈന്യം തകർത്തതായി ലെബനൻ ദേശീയ വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്യു.

&&&&&&&&&&&&&&&&

## NATIONAL DIVYAGAN - MELA

കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കൾക്ക്, ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും ദേശീയ ദിവ്യാൻഗൻ ധനകാര്യ വികസന കോർപ്പറേഷൻ മേള സംഘടിപ്പിക്കുന്നു. ഡൽഹിയിലെ കർത്തവ്യപഥിൽ അടുത്ത മാസം 12 മുതൽ 22 വരെയാണ് മേള.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&